# പതിനാലാം കേരളനിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1567** **06.03.2017 ൽ മറുപടിയ്ക്ക്**

## 'ഫോർ ദി പീപ്പിൾ' വെബ് പോർട്ടൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുല്ലക്കര രത്നാകരൻ,<br>ശ്രീമതി. ഇ.എസ്. ബിജിമോൾ,<br>ശ്രീ. ഇ.കെ. വിജയൻ,<br>ശ്രീ. എൽദോ എബ്രഹാം** | | **ഡോ. കെ.ടി ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| (എ) | പരാതി പരിഹാരത്തിനായി 'ഫോർ ദി പീപ്പിൾ' എന്ന പേരിൽ ഒരു വെബ് പോർട്ടൽ തുടങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പോർട്ടലിന്റെ സവിശേഷതകൾ വ്യക്തമാക്കുമോ; | (എ) | പൊതുജനങ്ങൾക്ക് ഓൺലൈനായി / മൊബൈൽ ആപ്ലിക്കേഷൻ വഴി ഏതൊരു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സേവനങ്ങളെക്കുറിച്ചും അഴിമതിയെക്കുറിച്ചും പരാതികളും നിർദ്ദേശങ്ങളും സമർപ്പിക്കുവാൻ വേണ്ടി 'ഫോർ ദി പീപ്പിൾ' എന്ന പേരിൽ ഒരു വെബ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. അഴിമതിയുമായി ബന്ധപ്പെട്ടതൊഴികെ ഉള്ള പരാതികൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നോഡൽ ഓഫീസർക്ക് ലഭിക്കും. ഏഴ് ദിവസത്തിനകം പരിഹരിക്കാത്ത പരാതികൾ മേലുദ്യോഗസ്ഥന്റെ ലോഗിനിലും അഴിമതിയുമായി ബന്ധപ്പെട്ടവ ജില്ലാ റീജിയണൽ ഓഫീസർക്കും ലഭ്യമാകുന്നതാണ്. ഇതിലൂടെ പരാതി വളരെ വേഗത്തിൽ പരിഹരിക്കപ്പെടുന്നു. പഞ്ചായത്ത് വകുപ്പ്, നഗരകാര്യ വകുപ്പ്, റൂറൽ ഡവലപ്മെന്റ് വകുപ്പ്, ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് വകുപ്പ് എന്നിവയാണ് ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | കുടുംബശ്രീ, ശുചിത്വമിഷൻ, പി.എം.ജി.എസ്.വൈ, കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡവലപ്മെന്റ് ഏജൻസി എന്നിവയെ കൂടെ ഇതിന്റെ പരിധിയിൽ കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ ഓഫീസിലും മറ്റ് ഉയർന്ന ഉദ്യോഗസ്ഥർക്കും നടപടിക്രമങ്ങളുടെ പുരോഗതി നേരിട്ട് വിലയിരുത്താനാകും. |
| (ബി) | വെബ് പോർട്ടലിന്റെ അഡ്രസ്സും പരാതി നൽകേണ്ട രീതിയും വിശദമാക്കുമോ; | (ബി) | https://pglsgd.kerala.gov.in എന്നതാണ് വെബ് പോർട്ടലിന്റെ വിലാസം.<br>വെബ് പോർട്ടലിൽ പ്രവേശിച്ച ശേഷം ആധാർ കാർഡ് പ്രകാരമുള്ള വിവരം നൽകി ഒരാൾക്ക് പരാതി രജിസ്റ്റർ ചെയ്യാൻ കഴിയും. പരാതി / നിർദ്ദേശം നൽകേണ്ട തദ്ദേശസ്വയംഭരണ സ്ഥാപനം തിരഞ്ഞെടുത്ത ശേഷം പരാതി വിശദമായി ടൈപ്പ് ചെയ്ത് സമർപ്പിക്കാവുന്നതാണ്.<br>ആവശ്യമെങ്കിൽ ആയതുമായി ബന്ധപ്പെട്ട ഫോട്ടോ, വീഡിയോ എന്നിവ ചേർക്കാനും കഴിയും. |
| (സി) | പോർട്ടലിൽ പരാതി നൽകുന്നതിന് പരാതിക്കാർ നൽകേണ്ട തിരിച്ചറിയൽ രേഖകൾ എന്തെല്ലാമാണെന്നും അത് നൽകേണ്ട രീതി എങ്ങനെയെന്നും വിശദമാക്കുമോ; | (സി) | നിലവിൽ ആധാർ കാർഡ് നമ്പർ ഉണ്ടെങ്കിലേ പരാതി രജിസ്റ്റർ ചെയ്യുവാൻ കഴിയൂ. വോട്ടർ തിരിച്ചറിയൽ കാർഡ്, പാസ്പോർട്ട് എന്നിവ കൂടെ തിരിച്ചറിയൽ രേഖകളായി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. |
| (ഡി) | പ്രസ്തുത പോർട്ടലിൽ പരാതി നൽകുന്ന ആളിന്റെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതിനുള്ള സംവിധാനമുണ്ടോ? | (ഡി) | ഉണ്ട്. അഴിമതിയുമായി ബന്ധപ്പെട്ട പരാതികൾ നൽകുമ്പോൾ പരാതിക്കാരന്റെ വിവരങ്ങൾ ആവശ്യമെങ്കിൽ പരാതിക്കാരന് തന്നെ മറച്ചുവയ്ക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ